Circular No.121
Mission Sunday 2012

Catholic Metropolitan's House
P.B. No. 71, Kottayam -686 001
Kerala, India

Date : 15-10-2012

പ്രിയ ദൈവജനമേ,

വിശ്വാസ വർഷത്തിലേയ്ക്കു പ്രതീക്ഷയോടെ പ്രവേശിച്ചിരിക്കുന്ന നമ്മെ വിശ്വാസത്തിന്റെ അനിവാര്യ ഘടകമായ പ്രേഷിതചൈതന്യം അനുസ്മരിപ്പിച്ചുകൊണ്ട് ഈ മാസം 21-ാം തീയതി സാർവ്വത്രിക സഭ മിഷൻ ഞായർ ആയി ആചരിക്കുകയാണ്. വിശ്വാസം; ദൈവം നമുക്കു നൽകിയ വലിയ ദാനമാണെന്നും അതിലേയ്ക്കു മറ്റുള്ളവരെ സ്നേഹപൂർവ്വം ആനയിക്കാൻ നമുക്കു കടമയുണ്ടെന്നും മിഷൻ ഞായർ നമ്മെ അനുസ്മരിപ്പിക്കുന്നു.

പാപം മൂലം തന്നിൽ നിന്നകന്നു പോയ മനുഷ്യന്റെ ദുരവസ്ഥയിൽ അവനെ തള്ളിക്കളയാതെ സ്നേഹപൂർവ്വം രക്ഷയുടെ പന്ഥാവിലേയ്ക്ക് ആനയിക്കുവാൻ തന്റെ ഏകജാതനെ അയച്ച പിതാവായ ദൈവത്തിന്റെ സ്നേഹമാണ് മിഷൻ ചൈതന്യത്തിനുറവിടവും അടിസ്ഥാനവും. നമുക്കു "ജീവനുണ്ടാകുവാനും അതു സമൃദ്ധമായി ഉണ്ടാകുവാനും" ആയി ജീവന്റെ ഉറവിടമായ ദൈവം തന്റെ വത്സലസുതനെ തന്നെ ലോകത്തിലേയ്ക്കയയ്ക്കുകയും അവന്റെ ജീവനിൽ നമ്മെ പങ്കുകാരാക്കുകയും ചെയ്തു. ഈ ദൈവികജീവനിൽ പങ്കു ചേരുന്ന നാമോരോരുത്തരും ജീവന്റെ നിറവിലേയ്ക്കു മറ്റുള്ളവരെയും ആനയിക്കാൻ താല്പര്യപൂർവ്വം പരിശ്രമിക്കുമ്പോഴാണ് ദൈവം തന്റെ പ്രിയ സുതനിൽ ആരംഭിച്ച രക്ഷാകരപ്രവർത്തനം പൂർത്തീകരിക്കപ്പെടുക.

"എന്റെ പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു" എന്നു പറഞ്ഞുകൊണ്ടാണ് ഈശോ തന്റെ ശിഷ്യരെ അയച്ചത്. പിതാവിനാൽ അയയ്ക്കപ്പെട്ട ഈശോയുടെ ജീവിതവും പ്രവർത്തനവും പൂർണ്ണമായും ലക്ഷ്യം വച്ചത് പിതാവിന്റെ ഇഷ്ടം നിറവേറ്റുക എന്നതിലായിരുന്നു. അതുപോലെ ഈശോയിൽ നിന്നും പ്രേഷിതചൈതന്യം സ്വീകരിച്ച ഓരോ ക്രൈസ്തവനും ഈശോയുടെ ഹിതം നിറവേറ്റുന്നതിന് പരമപ്രാധാന്യം നൽകണം. അതുവഴി മാത്രമേ, നമ്മിൽ അർപ്പിതമായിരിക്കുന്ന പ്രേഷിത ദൗത്യത്തോട് നമുക്കു നീതി പുലർത്താനാവൂ. സർവ്വ മനുഷ്യരുടെയും രക്ഷയ്ക്കായി തന്നെത്തന്നെ മോചനദ്രവ്യമായി നൽകിയ ഈശോയുടെ മനോഭാവം ഉൾക്കൊള്ളുന്ന ക്രൈസ്തവനു തന്റെ ജീവിതം സുവിശേഷപ്രഘോഷണമായി മാറ്റാൻ ചുമതലയുണ്ട്. "ഞാൻ സുവിശേഷം പ്രസംഗിക്കാതിരുന്നാൽ എനിക്കു ദുരിതം" എന്നു പ്രഖ്യാപിച്ച പൗലോസ് അപ്പസ്തോലന്റെ തീഷ്ണത ഓരോ ക്രൈസ്തവനിലും ജ്വലിച്ചു നിൽക്കുമ്പോൾ മാത്രമേ ക്രൈസ്തവർ യഥാർത്ഥ പ്രേഷിതരാവുകയുള്ളൂ. നവസുവിശേഷ വൽക്കരണത്തിന്റെ പ്രാധാന്യം ഊന്നിപ്പറയുന്ന പരിശുദ്ധ പിതാവ് ബനഡിക്ട് പതിനാറാമൻ മാർപ്പാപ്പാ മിഷൻ പ്രവർത്തനത്തിന്റെ മൂന്നു വശങ്ങൾ നമ്മുടെ പ്രത്യേകമായ ശ്രദ്ധയ്ക്കു വിഷയമാക്കണമെന്ന് ആവശ്യപ്പെടുന്നു. സുവിശേഷം അറിഞ്ഞിട്ടില്ലാത്തവരെ സുവിശേഷം അറിയിക്കുക എന്നപോലെ തന്നെ പ്രധാനമാണ് സുവിശേഷവും മാമ്മോദീസായും സ്വീകരിച്ച ശേഷം പലകാരണങ്ങളാൽ വിശ്വാസപാതയിൽ നിന്നകന്നു പോയവരെ സുവിശേഷവഴിയിലേയ്ക്ക് തിരികെ കൊണ്ടുവരിക എന്നത്. ഇതു രണ്ടിനും ഏറ്റവും അത്യാവശ്യമായിരിക്കുന്നത് സഭാമക്കളുടെ സജീവ ക്രൈസ്തവജീവിതവും അതിലൂടെ മറ്റുള്ളവർക്കു നൽകപ്പെടുന്ന സാക്ഷ്യവുമാണ്. വിശ്വാസത്തിന്റെ ശക്തിയും സൗന്ദര്യവും വിശ്വാസവർഷാചരണത്തിലൂടെ ഓരോ ക്രൈസ്തവനും തിരിച്ചറിയുകയും ദൈവവചനത്താൽ പ്രകാശപൂരിതരാകാൻ പരിശ്രമിക്കുകയും ചെയ്യണം. നിത്യപ്രകാശമായ ക്രിസ്തുവിനെ അറിയാതെ ഇരുളിൽ അലയുന്നവർക്കും, അറിഞ്ഞിട്ടും വിവിധ സാഹചര്യങ്ങൾ മൂലം ഈ പ്രകാശം നഷ്ടപ്പെട്ടവർക്കും വെളിച്ചവും പ്രത്യാശയുമാകാൻ ഓരോ ക്രൈസ്തവനും സാധിക്കണം.

നമ്മുടെ അതിരൂപതയിൽ സജീവവും ഫലപ്രദവുമായ വിശ്വാസ വർഷാചരണത്തിനായി നൽകപ്പെട്ടിരിക്കുന്ന അജപാലനമാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ സുവിശേഷാനുസൃതജീവിതത്തിനും അതുവഴിയുള്ള യഥാർത്ഥ സുവിശേഷ പ്രഘോഷണത്തിനും നമ്മെ സഹായിക്കും. ദൈവവചനത്തെയും സഭാപ്രബോധനങ്ങളേയും കൂടുതൽ അടുത്തറിയാൻ നാം നടത്തുന്ന പരിശ്രമങ്ങൾ നമ്മിലെ പ്രേഷിതചൈതന്യത്തെ കൂടുതൽ പ്രകാശിതമാക്കട്ടെ. യാക്കോബിന്റെ കിണറിനരികിൽ നിത്യജീവദായകനായ ഈശോയെ തിരിച്ചറിഞ്ഞ ശമറായക്കാരിയെപ്പോലെ വചനവെളിച്ചത്തിൽ നൽകപ്പെടുന്ന സഭാപ്രബോധനങ്ങളിൽ നാം കണ്ടെത്തുന്ന മിശിഹായെ ഉത്തമ ബോദ്ധ്യങ്ങളോടെ ലോകത്തോടു പ്രഘോഷിക്കാൻ മിഷൻ ഞായർ നമുക്കു പ്രചോദനമാകട്ടെ.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രതികൂല സാഹചര്യങ്ങളിൽ പോലും, സുവിശേഷ പ്രഘോഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന നമ്മുടെ സഹോദരങ്ങളെ നന്ദിയോടെ അനുസ്മരിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും മിഷൻ പ്രവർത്തനങ്ങളിൽ സഹകാരികളാകാൻ പരിശ്രമിക്കുകയും ചെയ്യാം. സമർപ്പിതജീവിതത്തിലൂടെ സുവിശേഷവേലയ്ക്കായി തങ്ങളുടെ ജീവിതം പൂർണ്ണമായി നൽകാൻ സന്നദ്ധതയുള്ള യുവജനങ്ങളെ പ്രോത്സാഹിപ്പിക്കുവാനും അവർക്കാവശ്യമായ അനുകൂല സാഹചര്യങ്ങൾ സൃഷ്ടിക്കുവാനും മിഷൻ ഞായർ നമുക്കു പ്രചോദനമാകട്ടെ. ആയിരിക്കുന്ന സാഹചര്യങ്ങളിലും അയയ്ക്കപ്പെടുന്ന സ്ഥലങ്ങളിലും ജീവിതസാക്ഷ്യത്തിലൂടെ യഥാർത്ഥ മിഷനറിമാരായി പ്രശോഭിക്കുവാൻ ദൈവത്താൽ നിയോഗിക്കപ്പെട്ടവരാണ് നാമോരോരുത്തരും എന്ന ബോദ്ധ്യത്തോടെ നിരന്തരം ജീവിക്കുവാൻ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

സ്നേഹപൂർവ്വം

**✠മാർ മാത്യു മൂലക്കാട്ട്**

കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

---

N.B. ഈ സർക്കുലർ മിഷൻ ഞായറായ ഒക്ടോബർ 21-ാം തീയതി നമ്മുടെ എല്ലാ ദേവാലയങ്ങളിലും കുർബാന മദ്ധ്യേ വായിക്കേണ്ടതും അന്നേദിവസത്തെ സ്തോത്രക്കാഴ്ച മിഷൻ പ്രവർത്തനങ്ങൾക്കായി അതിരൂപതാ കേന്ദ്രത്തിൽ ഏൽപിക്കുകയും വേണം.